നം. റ്റി8 – 65643 /2009

പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
കേരളം, തിരുവനന്തപുരം
തീയതി . 15 .01.2010

# സർക്കുലർ നം 01/2010

(1) കേരള പോലീസ് നിയമത്തിന്റെ '17 സി' വകുപ്പു പ്രകാരം താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

1. പോലീസ് ഡയറക്ടർ ജനറൽ
2. പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ( ദക്ഷിണ മേഖല)
3. പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ( ഇന്റലിജൻസ്)
4. പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ( ക്രൈംസ്)
5. പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ ( ഉത്തര മേഖല)

(2) പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്.

(a) ഓരോ വിഭാഗത്തിനും ബാധകമായിട്ടുള്ള സേവന നിയമ വ്യവസ്ഥകൾക്കനുസൃതമായി ഇൻസ്പെക്ടറുടെ പദവിയും അതിൽ താഴെയുള്ള പോലീസുദ്യോഗസ്ഥന്മാരുടെയും സ്ഥലം മാറ്റങ്ങൾ, നിയമനങ്ങൾ, സ്ഥാനക്കയറ്റങ്ങൾ, സേവനവുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ ഇവ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, പരാതികൾ, എന്നിവ പുന:പരിശോധനക്കുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുക.

(b) സംസ്ഥാനത്ത് പൊതുവേയുള്ളതോ പ്രത്യേക സാഹചര്യങ്ങളിലോ ഉള്ള പോലീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.

(c) സർക്കാർ ബോർഡിൽ നിക്ഷിപ്തമാക്കുന്ന മറ്റുതരം ചുമതലകൾ നിർവ്വഹിക്കുക.

(3) പോലീസ് സേനാംഗങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ ആസ്ഥാനം പോലീസ് ഹെഡ്ക്വാർട്ടേഴ്സി ലായിരിക്കുന്നതാണ് .

(4) ഐ.ജി.പി. (ഹെഡ്ക്വാർട്ടേഴ്സ്), ഡി.ഐ.ജി (അഡ്മിനിസ്ട്രേഷൻ), എ.ഐ.ജി (എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ) എന്നിവർ യഥാക്രമം ഇതിന്റെ സെക്രട്ടറി,ജോയിന്റ് സെക്രട്ടറി, കൺവീനർ എന്ന നിലയിൽ പ്രവർത്തിക്കുന്നതാണ്. എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ സീനിയർ സൂപ്രണ്ട് ഇതു സംബന്ധിച്ച ഫയലുകൾ നേരിട്ട് കൈകാര്യം ചെയ്യേണ്ടതാണ്.

(5) ഇൻസ്പെക്ടർ പദവിയിലും അതിന് താഴെയുമുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ അവരുടെ സ്ഥലം മാറ്റം, നിയമനം, സ്ഥാനക്കയറ്റം, സേവനവുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ എന്നിവയെപ്പറ്റിയുള്ള പരാതികൾ എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് സെക്രട്ടറിക്ക് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ ഐ.ജി.പി (ഹെഡ്ക്വാർട്ടേഴ്സ്) –ന്റെ പേരുവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.

(6) എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന് ലഭിക്കുന്ന പരാതികൾ, സ്വീകരിച്ച നടപടികൾ ഇവ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(7) ഇപ്രകാരം ലഭിക്കുന്ന എല്ലാ പരാതികളും തൊട്ടടുത്ത എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് യോഗത്തിൽ പരിഗണിക്കേണ്ടതും തീർപ്പുകൽപ്പിക്കേണ്ടതും പരാതി തീർപ്പുകൽപ്പിച്ച വിവരത്തിന് പരാതിക്കാരന് രേഖാമൂലം മറുപടി നൽകേണ്ടതുമാണ്.

(8) പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡിന്റെ യോഗം എല്ലാ മാസവും വീഴ്ചകൂടാതെ നടത്തേണ്ടതും യോഗത്തിന്റെ മിനിട്ട്സ് തയ്യാറാക്കേണ്ടതുമാണ്.

**പോലീസ് ഡയറക്ടർ ജനറൽ**